**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4422** **06-03-2023 - ൽ മറുപടിയ്ക്ക്**

**ബീഫെഡിലെ ജീവനക്കാർക്ക് ശമ്പള സ്കെയിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ബീഫെഡിന്റെ തേൻ സംസ്കരണ യൂണിറ്റിൽ എത്ര ജീവനക്കാരാണുണ്ടായിരുന്നതെന്ന വിവരം നൽകാമോ; | (എ) | ബീഫെഡിന്റെ തേൻ സംസ്കരണ യൂണിറ്റിൽ രണ്ട് കരാർ ജീവനക്കാരാണ് ഉണ്ടായിരുന്നത്. |
| (ബി) | പ്രസ്തുത ജീവനക്കാർക്ക് ശമ്പള സ്കെയിൽ നൽകണമെന്ന് ഖാദി ബോർഡ് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്തിട്ടുണ്ടായിരുന്നോ എന്ന് വ്യക്തമാക്കാമോ; | (ബി) | ശിപാർശ ചെയ്തിട്ടില്ല. |
| (സി) | പ്രസ്തുത ജീവനക്കാർക്ക് ശമ്പള സ്കെയിൽ അനുവദിച്ച് 2016 ൽ നിയമനം നൽകാൻ സർക്കാർ ഖാദി ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ബീഫെഡിനെ ഖാദി ബോർഡിന് കീഴിലുള്ള ഒരു തേൻ സംസ്കരണ യൂണിറ്റാക്കുവാനും ബീഫെഡിൽ കരാറടിസ്ഥാനത്തിൽ ജോലിചെയ്തുവരുന്ന ശ്രീ.പ്രസാദ്.എസ്, ശ്രീ.മോഹൻകുമാർ.വി എന്നീ രണ്ട് ജീവനക്കാർക്ക് ശമ്പള സ്കെയിൽ നൽകി ബീഫെഡിൽ നിലനിർത്തുന്നതിന് നടപടിയെടുക്കാനും 04-04-2016-ലെ 16332/ കെ1/2014/വ്യവ നമ്പർ കത്ത് പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ സാങ്കേതികമായ കാരണങ്ങളാൽ ട് വിഷയങ്ങളിൽ വ്യക്തമായ നിർദ്ദേശം നൽകുന്നതിനായി ഖാദി ബോർഡ് സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. അക്കാര്യങ്ങളിൽ 23-01-2019ലെ സ.ഉ.(സാധാ)നം.76/2019/വ്യവ നമ്പർ ഉത്തരവു പ്രകാരം സർക്കാർ നിർദ്ദേശം നൽകുകയുണ്ടായി. ആയതിലെ നിർദ്ദേശത്തിൻ പ്രകാരം പ്രസ്തുത ജീവനക്കാർ ബീഫെഡിൽ നിലവിൽ ഉണ്ടായിരുന്ന അതേ അവസ്ഥയിൽ ജോലിയിൽ തുടരുന്നു. |
| (ഡി) | 31.05.2016 ലെ 16332 /1/ 2014 വ്യവ. നമ്പർ സർക്കാർ കത്തിൽ നൽകിയ നിർദ്ദേശം ഖാദി | (ഡി) | സർക്കാർ കത്തിനെ തുടർന്ന് ടി |

| | | | |
|---|---|---|---|
| | ബോർഡ് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | | വിഷയങ്ങളിൽ വ്യക്തമായ നിർദ്ദേശത്തിനായി ഖാദി ബോർഡ് സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. അക്കാര്യങ്ങളിൽ 23-01-2019-ന് സ.ഉ.(സാധാ) നം.76/2019/വ്യവ നമ്പർ ഉത്തരവു പ്രകാരം സർക്കാർ നിർദ്ദേശം നൽകി. ടി നിർദ്ദേശത്തിൻ പ്രകാരം പ്രസ്തുത ജീവനക്കാർ ബീഫെഡിൽ നിലവിൽ ഉണ്ടായിരുന്ന അതേ അവസ്ഥയിൽ ജോലിയിൽ തുടരുന്നു. |

സെക്ഷൻ ഓഫീസർ